ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:20.11.2024**

## പ്രധാനവാർത്തകൾ

1. പാലക്കാട് നിയമസഭ ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് സമയം അവസാനിച്ചു. 68 ശതമാനത്തിലേറെ പോളിംഗ്. വോട്ടെണ്ണൽ ശനിയാഴ്ച.

2. സംസ്ഥാനത്ത് ആധാരങ്ങളിൽ വിലകുറച്ച് വച്ച് ഭൂമി രജിസ്റ്റർ ചെയ്യതുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കാൻ പുതിയ കമ്മീഷൻ രൂപീകരിച്ച് സർക്കാർ.

3. ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് ഉണ്ടായതായി ആരോഗ്യമന്ത്രി വീണാ ജോർജ്.

4. സന്തോഷ് ട്രോഫി യോഗ്യതാമത്സരത്തിൽ കേരളത്തിന് ആദ്യജയം. വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി കിരീടം ഇന്ത്യയ്ക്ക്.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് 4 ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**************************

RNU TVPM

## പാലക്കാട് - തിരഞ്ഞെടുപ്പ്.. INTRO

നിയമസഭ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട് മണ്ഡലത്തിൽ വോട്ടെടുപ്പ് സമയം അവസാനിച്ചു. 68 ശതമാനത്തിലേറെയാണ് പോളിംഗ് രേഖപ്പെടുത്തിയത്. യു.ഡി.എഫിനായി രാഹുൽ മാങ്കൂട്ടത്തിലും, എൽ.ഡി.എഫ് സ്ഥാനാർഥിയായി പി.സരിനും, എൻ.ഡി.എക്കായി സി.കൃഷ്ണകുമാറുമാണ് മത്സരിക്കുന്നത്. **പാലക്കാട് നിന്നുള്ള കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.**

**(VOICE…….)**

**************************

## പാലക്കാട് - വോട്ടർമാർ

2021 ൽ പാലക്കാട് നിയമസഭാ തിരഞ്ഞെടുപ്പിൽ 75.27 ശതമാനമായിരുന്നു പോളിംഗ്. എംഎൽഎ ആയിരുന്ന ഷാഫി പറമ്പിൽ വടകരയിൽ നിന്ന് ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെയാണ് മൂന്ന് വർഷങ്ങൾക്ക് ശേഷം പാലക്കാട് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

RNUTVPM

**************************

## വോട്ടെണ്ണൽ

സംസ്ഥാനത്ത് വയനാട് ലോക് സഭ മണ്ഡലത്തിലും ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേക്കുമുള്ള വോട്ടെണ്ണൽ ശനിയാഴ്ച നടക്കും. ഈ മാസം 13 ന് നടന്ന വയനാട് ഉപതെരഞ്ഞെടുപ്പിൽ 64.72 ശതമാനമായിരുന്നു പോളിങ്. ചേലക്കര നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ 74.77 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്.

**************************

## മഹാരാഷ്ട്ര + ഝാർഖണ്ഡ്

നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. മഹാരാഷ്ട്രയിൽ 58 ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തി. ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് നടന്നത്. രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഝാർഖണ്ഡിൽ 68 ശതമാനമാണ് പോളിംഗ്.

**************************

## വോട്ടെടുപ്പ് - മറ്റ് സംസ്ഥാനങ്ങൾ

കേരളത്തിന് പുറമേ മൂന്ന് സംസ്ഥാനങ്ങളിലെ 14 നിയമസഭാ മണ്ഡലങ്ങളിലേക്കും ഇന്ന് ഉപതെരഞ്ഞെടുപ്പ് നടന്നു. ഉത്തരാഖണ്ഡിൽ ഒന്നും പഞ്ചാബിൽ നാലും, ഉത്തർപ്രദേശിൽ- 9 ഉം നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. ശനിയാഴ്ചയാണ് എല്ലാ മണ്ഡലങ്ങളിലും വോട്ടെണ്ണൽ.

RNU TVPM

**************************

## സെറ്റിൽമെന്റ് കമ്മീഷൻ

സംസ്ഥാനത്ത് ആധാരങ്ങളിൽ വിലകുറച്ച് വച്ച് ഭൂമി രജിസ്റ്റർ ചെയ്യതുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കാൻ പുതിയ സെറ്റിൽമെന്റ് കമ്മീഷൻ രൂപീകരിച്ച് സർക്കാർ. 1986 മുതൽ 2017 മാർച്ച് വരെയുള്ള ഇത്തരം കേസുകൾ ഫലപ്രദമായി തീർപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായ് ജില്ലാ തലത്തിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കാനും തീരുമാനിച്ചു. സെറ്റിൽമെന്റ് സെല്ലുകളുടെ പ്രവർത്തനവും പുരോഗതിയും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ വിലയിരുത്തും. 2025 മാർച്ച് 31 വരെയാണ് സെറ്റിൽമെന്റ് കമ്മീഷനുകളുടെ കാലാവധി.

*************************

## വീണാ ജോർജ്

ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവ് ഉണ്ടായിട്ടുള്ളതായി മന്ത്രി വീണാ ജോർജ്. ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അമിതവുമായ ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം വട്ടിയൂർക്കാവ് യു.പി.എച്ച്.സി.യിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കുമെന്നും ആരോഗ്യ മന്ത്രി അറിയിച്ചു.

*************************

## ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി വികസിപ്പിച്ചെടുത്ത ത്രിമാന ബയോ പ്രിന്റിംഗ് ഇങ്ക് തിരുവനന്തപുരത്ത് ലോഞ്ച് ചെയ്തു . ത്രിമാന ബയോ പ്രിന്റിംഗ് എന്ന അത്യാധുനിക സാങ്കേതിക വിദ്യയിലൂടെ സജീവമായ കോശ സംയുക്തത്തെ സൃഷ്ടിക്കുന്നതിനായി രൂപകല്പന ചെയ്തിട്ടുള്ള ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ പേറ്റന്റ് ലഭിച്ച ബയോ ഇങ്ക് സംയുക്തമാണ് ഇത്. നിലവിൽ മൃഗങ്ങളിൽ ചെയ്തുവരുന്ന രീതികൾക്ക് പകരം, ബയോ ഇങ്ക് ഉപയോഗിച്ച് നിർമ്മിക്കുന്ന ത്രിമാന കലകളിൽ മൃഗങ്ങൾ ഇല്ലാതെതന്നെ ലാബുകളിൽ കൂടുതൽ വിശ്വാസ്യമായ പരീക്ഷണങ്ങൾ ചെയ്യാവുന്നതാണ് .

*************************

## സർവകക്ഷിയോഗം

പാർലമെന്റിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഈ മാസം 24ന് സർവകക്ഷിയോഗം ചേരും. രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലാണ് യോഗം. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ

RNUTVPM

രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഈ മാസം 25 മുതൽ ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

*************************

## ആൻറണി രാജു-സുപ്രീംകോടതി

മുൻ മന്ത്രിയും എംഎൽഎയുമായ ആൻറണി രാജു ഉൾപ്പെട്ട തൊണ്ടി മുതൽ കേസിൽ തുടർ നടപടിയാകാമെന്ന് സുപ്രീംകോടതി. ആൻറണി രാജു വിചാരണ നേരിടണമെന്നും ഒരു വർഷത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കണമെന്നും സുപ്രീംകോടതി ഉത്തരവിട്ടു. ജസ്റ്റിസ് സി.ടി രവികുമാർ അധ്യക്ഷനായ ബെഞ്ചാണ് വിധി പറഞ്ഞത്. പുനരന്വേഷണത്തിനുള്ള ഹൈക്കോടതി ഉത്തരവിനെ ചോദ്യം ചെയ്തായിരുന്നു ശ്രീ ആൻറണി രാജുവിൻറെ ഹർജി.

RNU TVPM

*************************

## ശബരിമല .... ഇൻട്രോ

പമ്പയിലും സന്നിധാനത്തും ഇത്തവണയും കരുതലൊരുക്കി പോലീസിന്റെ സേഫ് ബാന്റ്. ശബരിമല തീർഥാടകരിൽ കൊച്ചുമാളികപ്പുറങ്ങളും കുഞ്ഞയ്യപ്പൻമാരും കൂട്ടംതെറ്റുമെന്ന പേടി ഇത്തവണയും വേണ്ട.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ........**

**(വോയ്സ്)**

*************************

## ബീമാപള്ളി ഉറൂസ്

ബീമാപള്ളി ഉറൂസ് മഹോത്സവത്തിന്റെ അവസാനവട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി മന്ത്രി ജി.ആർ അനിലിന്റെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് അവലോകന യോഗം ചേർന്നു. എല്ലാ വകുപ്പുകളുടെയും ഏകോപനം ഉറപ്പാക്കണമെന്നും തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശം നൽകി. അടുത്ത മാസം 3 മുതൽ 13 വരെയാണ് ബീമാപള്ളി ഉറൂസ്.

***************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി യോഗ്യതാമത്സരത്തിൽ കേരളത്തിന് ആദ്യജയം - ആതിഥേയരായ കേരളം ഏകപക്ഷീയമായ ഒരു ഗോളിന് റയിൽവേസിനെ പരാജയപ്പെടുത്തി. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലായിരുന്നു മത്സരം.

RNU TVPM

***************************

## മഴ

സംസ്ഥാനത്ത് ഇന്ന് വിവിധ ഇടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

***************************

## ബിനാലെ

കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ് അടുത്തവർഷം ഡിസംബർ 12 ന് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രശസ്ത ആർട്ടിസ്റ്റായ നിഖിൽ ചോപ്രയും എച്ച്എച്ച്

ആർട്ട് സ്പേസസും ബിനാലെയുടെ പുതിയ പതിപ്പ് ക്യൂറേറ്റ് ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 2026 മാർച്ച് 31 വരെയാണ് ബിനാലെ.

**************************

## ചലച്ചിത്രമേള

55-മത് ഇന്ത്യ-അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഗോവയിൽ അൽപസമയത്തിനകം തിരിതെളിയും. 100 രാജ്യങ്ങളിൽ നിന്നായി 400-ഓളം സിനിമകൾ മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഈ മാസം 28 വരെയാണ് മേള.

**************************

## ഹോക്കി

വനിത ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കി കിരീടം ഇന്ത്യയ്ക്ക്. ഫൈനലിൽ ചൈനയെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ കിരീട നേട്ടം.

RNUTVPM

**************************

## അർജൻറീന ഫുട്ബോൾ ടീം

അർജൻറീന ഫുട്ബോൾ ടീം അടുത്ത വർഷം കേരളത്തിൽ എത്തുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മെസ്സി ഉൾപ്പെടെയുള്ള ടീമാകും എത്തുക. അർജൻറീന ടീം കൊച്ചിയിൽ പ്രദർശന മത്സരം കളിക്കുമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന സർക്കാരിന്റെ പൂർണ നിയന്ത്രണത്തിലാകും മത്സരം നടത്തുകയെന്നും മന്ത്രി അറിയിച്ചു.

**************************

## വർക്ക് നിയർ ഹോം

സംസ്ഥാനത്തെ ആദ്യ വർക്ക് നിയർ ഹോം കേന്ദ്രത്തിന്റെ നിർമ്മാണ ഉത്ഘാടനം ശനിയാഴ്ച കൊല്ലം കൊട്ടാരക്കരയിൽ നടക്കും. ഇരുനൂറിലധികം പ്രൊഫഷണലുകൾക്ക് ജോലി ചെയ്യാനുള്ള സൗകര്യമാണ് ഇവിടെ ഒരുക്കുന്നത്. ഫ്രീലാൻസ് തൊഴിലുകളിൽ ഏർപ്പെടുന്നവർ, സ്റ്റാർട്ടപ്പുകൾ, സ്വന്തമായി ചെറുസംരംഭങ്ങൾ നടത്തുന്നവർ, ജീവനക്കാർക്ക് വിദൂരമായി ജോലി ചെയ്യാനുള്ള സൗകര്യം നൽകാൻ ആഗ്രഹിക്കുന്ന നിലവിലെ സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് പദ്ധതി സഹായകമാകുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

**************************

## ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ്

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈജ്ഞാനിക പുരസ്കാരങ്ങളുടെ വിതരണം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റെന്നാൾ നിർവഹിക്കും. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടക്കുന്ന ചടങ്ങിൽ വെബ്പോർട്ടലും അദ്ദേഹം ഉദ്ഘാടനം ചെയ്യും. വൈജ്ഞാനിക മേഖലയിലെ മികച്ച രചനകളെ പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ വർഷം മുതൽ ഏർപ്പെടുത്തിയ വൈജ്ഞാനിക - വിവർത്തന - ഗവേഷണ പുരസ്ക്കാരങ്ങളാണ് വിതരണം ചെയ്യുന്നത്.

RNJ TVPM

**************************

## റവന്യൂ ജില്ല കലോത്സവം

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവത്തിന് തുടക്കമായി. കലോത്സവം സാഹിത്യകാരൻ ബെന്യാമിൻ ഉദ്ഘാടനം ചെയ്തു. 20 വേദികളിലായാണ് മത്സരങ്ങൾ .

**************************************************************************